# VIJAYABHERI

## FOCUS PLUS ONE- 2021

MALAPPURAM DISTRICT PANCHAYATH
EDUCATIONAL PROJECT

# ECONOMICS



**Academic Support:**

**DIET Malappuram & META**
**(Malappuram Economics Teachers Association)**

# ECONOMICS

## (Malayalam Version)

യൂണിററ് 2 – 1991 മുതലുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ

## അദ്ധ്യായം 3

# ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം: ഒരു വിലയിരുത്തൽ

സാമ്പത്തികപരിഷ്കാരങ്ങളുടെ പശ്ചാത്തലം – പുത്തൻ സാമ്പത്തിക നയത്തിന്റെ കാരണങ്ങൾ:

1. രാജ്യത്ത് നിലനിന്നിരുന്ന രാഷ്ട്രീയ അസ്ഥിരത
2. സമ്പദ് വ്യവസ്ഥയുടെ കാര്യക്ഷമതക്കുറവ്
3. വിദേശ നാണ്യ വരുമാനം ഉപോഭാഗാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി
4. വിദേശനാണയകരുതൽ ശേഖരം കുറഞ്ഞു. കഷ്ടിച്ച് രണ്ടാഴ്ചത്തേക്കുള്ള ഇറക്കുമതിക്കുള്ള വിദേശ നാണ്യമേ ഉണ്ടായിരുന്നുള്ളൂ.
5. ഗൾഫ് യുദ്ധം
6. സമ്പദ് വ്യവസ്ഥയുടെ മന്ദഗതിയിലുള്ള വളർച്ച്
7. പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടം
8. അത്യാവശ്യ വസ്തുക്കളുടെ വില വർദ്ധനവ്

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ഇന്ത്യ ലോക ബാങ്ക് (IBRD), അന്താരാഷ്ട്രനാണയനിധി (IMF) എന്നീ അന്താരാഷ്ട്രധനകാര്യസ്ഥാപനങ്ങളെ സമീപിച്ചു. ചില ഉപാധികളുടെ (conditionalities) അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾ ഇന്ത്യക്ക് ഫണ്ട് അനുവദിച്ചു. വ്യാപാരത്തിൻമേലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്ത് കളയുക, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ തുറന്ന് കൊടുക്കുകയും ഉദാരവൽക്കരിക്കുകയും ചെയ്യുക എന്നിവയായിരുന്നു പ്രധാന ഉപാധികൾ.

### നൂതന സാമ്പത്തിക നയം (NEP - 1991)

1991 മുതൽ ഇന്ത്യ വ്യാപകമായ തോതിലുള്ള സാമ്പത്തിക പരിഷ്കാരങ്ങൾ പ്രഖ്യാപിച്ചു. രണ്ട് ഭാഗങ്ങൾ അടങ്ങിയ ഒരു പരിപാടിയാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്.

1. സുസ്ഥിരവൽക്കരണനടപടികൾ (Stabilisation Measures) – ഹ്രസ്വകാല നടപടികളാണിവ. പണപ്പെരുപ്പം തടയുകയും അടവ് ശിഷ്ട പ്രതിസന്ധ് പരിഹരിക്കുകയുമാണ് ഈ നടപടികളുടെ ഉദ്ദേശ്യം.

2. ഘടനാപരമായ നീക്ക് പോക്കുകൾ (Structural Adjustment Programme) – സമ്പദ്‌വ്യവസ്ഥയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള ദീർഘകാല പരിപാടികളാണിവ. സർക്കാർ ഇതിനായി വിവിധങ്ങളായ നയങ്ങൾ കൊണ്ടുവന്നു. ഹ്രസ്വകാല നടപടികളാണിവ. പണപ്പെരുപ്പം തടയുകയും അടവ് ശിഷ്ട പ്രതിസന്ധ് പരിഹരിക്കുകയുമാണ് ഈ നടപടികളുടെ ഉദ്ദേശ്യം.

## I. ഉദാരവൽക്കരണം

ഉദാരവൽക്കരണമെന്നാൽ സമ്പദ്‌വ്യവസ്ഥയെ എല്ലാ നിയന്ത്രണങ്ങളിൽനിന്നും സ്വതന്ത്രമാക്കുകയെന്നാണർത്ഥം. പ്രധാന പരിഷ്കാരങ്ങൾ:

### 1. വ്യവസായമേഖലയിലെ പരിഷ്കാരങ്ങൾ

- വ്യവസായിക മേഖലയെ നിയന്ത്രണാതീതമാക്കി
- വ്യാവസായി ലൈസൻസിങ് നിർത്തലാക്കി
- പൊതു മേഖലക്കായി സംവരണം ചെയ്തിരുന്ന വ്യവസായങ്ങളുടെ എണ്ണം വെട്ടിക്കുറച്ചു.
- MRTP, FERA എന്നിവ ഭേദഗതി വരുത്തി.
- ചെറുകിട വ്യവസായങ്ങൾക്കുള്ള സംവരണം നിർത്തി.

### 2. ധനകാര്യ മേഖലകളിലെ പരിഷ്കാരങ്ങൾ

- ബാങ്ക് ബ്രാഞ്ചുകൾ തുടങ്ങുവാനുള്ള ലൈസൻസിങ് ഉദാരവൽക്കരിച്ചു.
- ധനകാര്യസ്ഥാപനങ്ങളുടെ മേൽ റിസർവ്വ് ബാങ്കിനുള്ള നിയന്ത്രണങ്ങളിൽ കുറവ് വരുത്തി.
- വിദേശബാങ്കുകളെയും പുതുതലമുറ ബേങ്കുകളെയും അനുവദിച്ചു.
- CRR, SLR:- എന്നിവ കുറച്ചു.
- ഇൻഷൂറൻസ് മേഖല സ്വകാര്യവൽക്കരിച്ചു.
- മൂലധന കമ്പോളം ഉദാരവൽക്കരിച്ചു.

**3. നികുതിപരിഷ്കാരങ്ങൾ:** ആദായനികുതി, കോർപ്പറേറ്റ് നികുതി, എക്സൈസ് നികുതി, കസ്റ്റംസ് നികുതി എന്നിവ കുറച്ചു. 2017-ൽ GST ആരംഭിച്ചു.

### 4. വിദേശ വിനിമയ കമ്പോള പരിഷ്കാരങ്ങൾ

1. സർക്കാർ രൂപയുടെ മൂല്യം കുറച്ചു

2. സുസ്ഥിര ''വിനിമയനിരക്കിന് (Fixed Exchange rate) പകരം ഫ്ളെക്സിബ്ൾ (Flexible) വിനിമയനിരക്ക് നിലവിൽ വന്നു.

**5. വ്യാപാര നിക്ഷേപനയ പരിഷ്കാരങ്ങൾ**

ഇറക്കുമതിയുടെ പരിമാണാത്മക അളവ് (Quota) നിയന്ത്രണം എടുത്തുകളഞ്ഞു.

- ഇറക്കുമതി ഉദാവൽക്കരിച്ചു
- താരീഫ് (Tariff) നിരക്ക് കുറച്ചു
- കയറ്റുമതി നികുതി നിർത്തലാക്കി

## II. സ്വകാര്യ വൽക്കരണം:

സർക്കാർ വക സ്ഥാപനങ്ങളുടെ ഉടമസ്ഥത സ്വകാര്യ കമ്പനികൾക്ക് നൽകുന്നതിനെയാണ് സ്വകാര്യവൽക്കരണം എന്ന് പറയുന്നത്. രണ്ട് രീതിയിലാണ് ഇന്ത്യയിൽ സ്വകാര്യവൽക്കരണം നടപ്പിലാക്കുന്നത്.

(എ) പൊതുമേഖലാസ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽനിന്ന് സർക്കാർ പിൻവലിക്കുക.

(ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരികൾ സ്വകാര്യ മേഖലക്ക് വിറ്റഴിക്കുക (Disinvestment policy)

**നിക്ഷേപമോചനത്തിന്റെ ലക്ഷ്യങ്ങൾ**

o പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജ്മെന്റ് മെച്ചപ്പെടുത്തുക

o പൊതുമേഖലാസ്ഥാപനങ്ങളുടെ ധനസ്ഥിതി മെച്ചപ്പെടുത്തുക

o വിപണികളിൽനിന്നും ധനവിഭവങ്ങൾ ശേഖരിക്കാൻ കമ്പനികൾക്കുള്ള ശേഷി വർദ്ധിപ്പിക്കുക.

o ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുക

o FDI പ്രോത്സാഹിപ്പിക്കുക

നൂതനസാമ്പത്തിക നയത്തിന്റെ ഭാഗമായി ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഓട്ടോണമി പദവി നൽകിക്കൊണ്ട് നവരത്നാസ്, മിനിരത്നാസ് എന്നിങ്ങനെ തരം തിരിച്ചു. ഉദാഹരണത്തിന് IOC, HDCL, BPCL, ONGC, SAIL മുതലായവ നവരത്നങ്ങളിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്.

**III. ആഗോളവൽക്കരണം:-** ലോകത്ത്ലെ രാജ്യങ്ങളുടെ ഏകീകരണമാണ് ആഗോള വൽക്കരണം.

ആഗോളവൽക്കരണമെന്നാൽ അർത്ഥമാക്കുന്നത്:

- രാജ്യങ്ങൾ തമ്മിലുള്ള അടുത്ത ബന്ധം.
- സാധനങ്ങൾ, സേവനങ്ങൾ, മൂലധനം, വിജ്ഞാനം, ജനങ്ങൾ എന്നിവ ദേശീയ അതിർത്തിക്കപ്പുറത്തേക്ക് സ്വതന്ത്രമായി ഒഴുകൽ
- ട്രാൻസ്പോർട്ട്: കമ്യൂണിക്കേഷൻ ചെലവുകൾ കുറയുന്നതിലൂടെയുള്ള കമ്പോള വികസനം.

**പുറം വാങ്ങൽ അഥവാ – പുറം കരാർ നൽകൽ (out sourcing)**

ആഗോളവൽക്കരണത്തിന്റെ ഒരു പ്രധാനപ്പെട്ട അനന്തരഫലമായിരുന്നു പുറം വാങ്ങൽ. പുറം വാങ്ങൽ എന്ന് പറഞ്ഞാൽ പുറമേനിന്ന് സ്വീകരിക്കുക എന്നാണർത്ഥം. പുറം വാങ്ങൽ പ്രകാരം പതിവ് സേവനങ്ങൾക്കുള്ള നിയമനം, ഒരു കമ്പനവി ബാഹ്യ ഉറവിടങ്ങളിൽനിന്നും നടത്തുന്നു. വികസിതരാജ്യങ്ങൾ അവർക്കാവശ്യമായ പലതരം സേവനങ്ങൾക്കും ഇന്ത്യയെപോലുള്ള വികസ്വരരാജ്യങ്ങളെയാണ് ആശ്രയിക്കുന്നത്. ഉദാഹരണമായി അക്കൗണ്ടിങ്, ലീഗൽ സെർവീസസ്, എഡിറ്റിങ്, ആനിമേഷൻ തുടങ്ങിയ ഇൻഫോർമേഷൻ ടെക്നോളജിയെ (I.T enabled) അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾക്ക്.

ഇന്ത്യ പുറം വാങ്ങലിനുള്ള ഒരു പ്രധാന ലക്ഷ്യസ്ഥാനമായി വളർന്നിട്ടുണ്ട്.

കാരണങ്ങൾ

1. കുറഞ്ഞ് കൂലി നിരക്കിൽ തൊഴിലാളികളുടെ ലഭ്യത
2. നല്ല നൈപുണ്യമുള്ള (Skilled labourers) തൊഴിലാളികളുടെ ലഭ്യത.
3. ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം മുതലായവ

**WTO ലോകവ്യാപാര സംഘടന:** WTO സ്ഥാപിക്കപ്പെട്ടത് 1995 ലാണ്. 1948ൽ രൂപം കൊണ്ട GAAT (General Agreement on Tariffs and Trade) എന്ന സംഘടനയുടെ പിൻഗാമിയായിട്ടാണ് WTO നിലവിൽ വന്നത്.

**WTO യുടെ പ്രധാന ലക്ഷ്യങ്ങൾ**

- അന്താരാഷ്ട്ര വിപണിയിൽ എല്ലാ രാജ്യങ്ങൾക്കും തുല്യ അവസരം നൽകുക.
- വ്യാപാര രംഗത്തുള്ള താരിഫ്, താരിഫ് ഇതര നിയന്ത്രണങ്ങൾ (Quotas) ഒഴിവാക്കുക.
- ബഹുമഖ വ്യാപാരം പ്രോൽസാഹിപ്പിക്കുക.
- ബാങ്കിംങ്, ഇൻഷൂറൻസ് പോലുള്ള സേവനങ്ങൾ വ്യാപാരത്തിൽ ഉൾപ്പെടുത്തുക മുതലായവ

**സാമ്പത്തികനയപരിഷ്കരണ കാലഘട്ടത്തിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ : ഒരു വിലയിരുത്തൽ**

1991 ൽ ആരംഭിച്ച പുത്തൻ സാമ്പത്തിക നയം നിരവധി നേട്ടങ്ങളും കോട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

**നേട്ടങ്ങൾ (ഗുണങ്ങൾ)**

1. GDP വർദ്ധിച്ചു. GDP യുടെ വളർച്ചാനിരക്ക് 1980-ൽ 5.79% ആയിരുന്നത് 2016 ആയപ്പോൾ 7.6% മായി വർദ്ധിച്ചു.
2. വിദേശനിക്ഷേപം വർദ്ധിച്ചു. 1991-ൽ 103 ദശലക്ഷം ഡോളർ ആയിരുന്ന വിദേശ നിക്ഷേപം 2005 – 06 ആയപ്പോൾ 20243 ദശലക്ഷം ഡോളറായി വർദ്ധിച്ചു.
3. വിദേശ നാണ്യശേഖരം വർദ്ധിച്ചു
4. കയറ്റുമതി വർദ്ധിച്ചു.
5. ദാരിദ്ര്യ നിരക്ക് 2012 ആയപ്പോൾ 22% മായി കുറഞ്ഞു.

**ദോഷഫലങ്ങൾ (Negative Impact):**

**1. കാർഷിക മേഖലയെ പ്രതികൂലമായി ബാധിച്ചു:** പരിഷ്കരണ നടപടികൾ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിച്ചത് കാർഷിക മേഖലയെയാണ്. വെറും 3% വളർച്ചാനിരക്ക് മാത്രമാണ് കൃഷിയിലുണ്ടായത്. ഇതിനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ താഴെ പറയുന്നവയാണ്.

(എ) കാർഷിക സബ്സിഡികൾ കുറവ് വരുത്തി

(ബി) കാർഷിക ഉൽപാദനച്ചെലവിലുള്ള വർദ്ധനവ്

(സി) കാർഷിക ഉൽപന്നങ്ങളുടെ വിലക്കുറവ്

(ഡി) സർക്കാർ നിക്ഷേപത്തിന്റെ കുറവ്

(ഇ) ഭക്ഷ്യവിളകളേക്കാൾ നാണ്യവിളകൾ കൂടുതൽ കയറ്റുമതി ചെയ്തു. ഇത് ഭക്ഷ്യ പ്രതിസന്ധി സൃഷ്ടിച്ചു.

**2. വ്യാവസായിക മേഖലയെ പ്രതികൂലമായി ബാധിച്ചു - ഇതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.**

(എ) വിലകുറഞ്ഞ ഇറക്കുമതി

(ബി) ആധുനിക സാങ്കേതിക വിദ്യയുടെ അഭാവം

(സി) വിദേശ ഉൽപനങ്ങളുടെ മത്സരം

(ഡി) അടിസ്ഥാനസൗകര്യമേഖലയിലെ നിക്ഷേപത്തിന്റെ കുറവ്

**3. തൊഴിൽ അവസരങ്ങൾ വേണ്ടത്ര വർദ്ധിച്ചില്ല:** പരിഷ്കരണ കാലഘട്ടത്തിൽ GDP വർദ്ധിച്ചെങ്കിലും തൊഴിലവസരങ്ങൾ വർദ്ധിച്ചില്ല. ഈ അവസ്ഥയെ തൊഴിൽരഹിതവളർച്ച എന്നാണ് വിമർശകർ സൂചിപ്പിക്കുന്നത്.

**4. നിക്ഷേപം പിൻവലിക്കൽ നയത്തിന്റെ പോരായ്മകൾ:** നിക്ഷേപം പിൻവലിക്കൽ നയത്തിന്റെ ഭാഗമായി പലപ്പോഴും വളരെ ലാഭകരമായി ഓടിക്കൊണ്ടിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളേയും വളരെ വില കുറച്ചാണ് വിറ്റഴിച്ചത്. ഈ നയം നമ്മുടെ രാജ്യത്ത് വലിയ അഴിമതിക്ക് കാരണമായി.

**5. ധനനയത്തിന്റെ പോരായ്മകൾ:** നികുതി പരിഷ്കരണംകൊണ്ട് സർക്കാരിന് വേണ്ടത്ര വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞില്ല.

**6. സാമൂഹ്യനീതിയുടേയും ക്ഷേമത്തിന്റെയും കുറവ്:** പരിഷ്കരണനടപടികൾ രാജ്യത്തിന്റെ നീതിയും ക്ഷേമവും കുറക്കുന്നതിന് കാരണമായി. സ്വത്തിലും വരുമാനത്തിലുമുള്ള അസമത്വം വർദ്ധിച്ചു.

# അധ്യായം 4

# ദാരിദ്ര്യം

### ദാരിദ്ര്യം

ഒരു വ്യക്തിക്ക് ജീവിക്കാൻ ആവശ്യമായ ഘടകങ്ങളായ വസ്ത്രം, ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം മുതലായവ ലഭിക്കാത്ത അവസ്ഥയാണ് ദാരിദ്ര്യം

### കേവലദാരിദ്ര്യവും ആപേക്ഷിക ദാരിദ്ര്യവും

**കേവല ദാരിദ്യം:** ഏറ്റവും കുറഞ്ഞ ജീവിതാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത അവസ്ഥ.

**ആപേക്ഷികദാരിദ്ര്യം:** അടിസ്ഥാനസൗകര്യങ്ങൾ നിറവേറ്റി കഴിഞ്ഞതിനുശേഷം മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ ദരിദ്രനായി കാണപ്പെടുന്ന അവസ്ഥ

### ആരെല്ലാമാണ് ദരിദ്രർ

- ചേരികളിൽ താമസിക്കുന്നവർ
- തെരുവു കച്ചവടക്കാർ
- ആക്രി വസ്തുക്കൾ പെറുക്കുന്നവർ
- വീട്ടുവേലക്കാർ
- ഭിക്ഷക്കാർ
- ഓലമേഞ്ഞ വീടുള്ളവർ
- ഭൂമിയില്ലാത്ത കർഷകർ

### ഇന്ത്യയിലെ ദരിദ്രരുടെ സവിശേഷതകൾ ഏവ?

- പോഷകാഹാര കുറവ്
- നിരക്ഷരത
- ആസ്തിയിരല്ലായ്മ
- സ്ഥിര ജോലിയില്ലായ്മ
- കൂടിയ മാതൃമരണനിരക്ക്
- കൂടിയ ശിശു മരണനിരക്ക്
- വൈദ്യുതി, കുടിവെള്ളശുചീകരണ സൗകര്യങ്ങളുടെ ദൗർലഭ്യം

### ജയിൽ ജീവിതചെലവ്

- ദാരിദ്രരേഖ നിർണ്ണയിക്കുന്ന ഒരു മാനദണ്ഡമാണിത്
- ഒരു തടവുകാരന് ജീവൻ നിലനിർത്താൻ ആവശ്യമായ ഭക്ഷണസാധനത്തിന്റെ വിലയുടെ അടിസ്ഥാനത്തിൽ ജീവിതചെലവ് കണക്കാക്കി.
- ഇത് കൊണ്ടുവന്നത് ദാദാബായി നവറോജിയാണ്

### ദാരിദ്ര്യത്തെ തരം തിരിക്കുക

- **ദീർഘകാലമായിട്ടുള്ള ദരിദ്രർ** (Chronic Poor)
  - നിത്യ ദരിദ്രർ (Always Poor)
  - സാധാരണ ദരിദ്രർ (Usually Poor)
- **ക്ഷണികമായ ദരിദ്രർ (Transcient poor)**
  - ഇടക്കാല ദരിദ്രർ (Churning Poor)
  - യാദൃച്ഛിക ദരിദ്രർ (Occasionally Poor)

### ദാരിദ്രരേഖ (Poverty Line)

- സമൂഹത്തിലുള്ള ദരിദ്രരും അല്ലാത്തവരുമായ ജനങ്ങളെ തരം തിരിക്കുന്ന സാങ്കല്പിക രേഖയാണിത്
- ഗ്രാമത്തിലുള്ള ഒരാൾക്ക് ഇത് കണക്കാക്കുന്നത് 2400 കലോറി ഊർജ്ജവും നഗരത്തിലുള്ള ഒരാൾക്ക് 2100 കലോറി ഊർജ്ജവമാണ് ഒരു ദിവസത്തിൽ വേണ്ടത്. ഇതനെ അടിസ്ഥാനമാക്കി 2012 ൽ ദാരിദ്ര്യരേഖ നിർവ്വചിച്ചിരിക്കുന്നത് ഗ്രാമത്തിൽ ഒരാളുടെ ഉപഭോഗചിലവ് 816 രൂപയും നഗരത്തിൽ 1000 രൂപയുമാണ് ഒരു മാസത്തേക്ക് ആവശ്യമായി വരുന്നത്.

### ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം

തലയെണ്ണനുപാതം (Head Count Ratio)

ദരിദ്രരുടെ എണ്ണത്തെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനസംഖ്യയുമായുള്ള അനുപാതമായി കണക്കാക്കുന്നതാണ് ഇത്.

തലയെണ്ണൽ അനുപാതം = $\frac{\text{ദരിദ്രരുടെ എണ്ണം}}{\text{ആകെ ജനസംഖ്യ}}$

ഇന്ത്യയിൽ ദാരിദ്ര്യം സംബന്ധിച്ച ഔദ്യോഗിക വിവരങ്ങൾ ശേഖരിക്കുന്നത് നേഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷനാണ്. ഇത് പ്രസിദ്ധീകരിക്കുന്നത് ഇപ്പോൾ നിധി ആയോഗ് (Niti Ayog) ആണ്.

### ദാരിദ്ര്യത്തിന്റെ കാരണങ്ങൾ (Causes of Poverty)

1. കുറഞ്ഞ വരുമാനം
2. തൊഴിലില്ലായ്മ
3. സമ്പത്തിലെയും വരുമാനത്തിലെയും അസമത്വം
4. ചൂഷണം
5. പണപ്പെരുപ്പം
6. കാർഷികമേഖലയിലെ സ്തംഭനാവസ്ഥ
7. കുറഞ്ഞ സാമ്പത്തിക വളർച്ച്
8. കടബാദ്ധ്യത
9. അന്യവൽക്കരിക്കൽ

### ദരിദ്ര നിർമ്മാജ്ജനത്തിനുള്ള നയങ്ങളും പരിപാടികളും

### (ത്രിമാനസമീപനം)

### വളർച്ചോന്മുഖ സമീപനം

➢ ജി.ഡി.പി./പിസി.ഐ എന്നിവയുടെ ധ്രുതഗതിയിലുള്ള വളർച്ചയാണിത്. കിനിഞ്ഞിറങ്ങൽ സിദ്ധാന്തം (Trickledown Theory) അനുസരിച്ച് സാമ്പത്തികവളർച്ചയുടെ നേട്ടങ്ങൾ സമൂഹത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിക്കും.

### തൊഴിൽദാന പദ്ധതികൾ

### (a) സ്വയം തൊഴിൽ പരിപാടികൾ

(1) REGP (ഗ്രാമീണ തൊഴിലുല്പാദന പരിപാടി)
(2) PMRY (പ്രൈം മിനിസ്റ്റേഴ്സ് റോസ്ഗാർ യോജന)
(3) SGSY (സ്വർണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന)
(4) SJSRY (സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന)
(5) JRY (ജവഹർ റോസ്ഗർ യോജന)
(6) NRY (നെഹ്റു റോസ്ഗർ യോജന)

**(b) വേതന തൊഴിൽ പദ്ധതികൾ**

- NREGP (ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി)
- 2005 – ൽ സ്ഥാപിക്കപ്പെട്ടു
- ഇത് ഇപ്പോൾ MGNREGP എന്ന് അറിയപ്പെടുന്നു.
- ഒരു വർഷം കുടുംബത്തിലെ ഒരു വ്യക്തിക്ക് 100 ദിവസത്തെ ജോലി വാഗ്ദാനം ചെയ്യുന്നു.
- ഇത് കേരളത്തിൽ തൊഴിലുറപ്പ് പദ്ധതി എന്ന് അറിയപ്പെടുന്നു

ജോലിക്ക് പകരം ഭക്ഷണം പദ്ധതി (NFW)

സമ്പൂർണ ഗ്രാമീണ റോസ്ഗാർ യോജന (SGRY)

**3. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ**

(എ) ഭക്ഷ്യസുരക്ഷാപദ്ധതികൾ

- പൊതുവിതരണ സമ്പ്രദായം (PDS)
- സംയോജിത ശിശു വികസനപദ്ധതി (ICDS)
- സ്കൂളുകളിൽ ഉച്ചഭക്ഷണം (MDMS)
- അന്നപൂർണ്ണ പദ്ധതി
- അന്ത്യോദയ അന്നയോജന (AAY)

(ബി) സാമൂഹ്യസുരക്ഷാപദ്ധതികൾ

- ആം ആദ്മി ബീമ യോജന
- ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ്ഏജ് പെൻഷൻ സ്കീം
- രാഷ്ട്രീയ സ്വാസ്തിക ബീമ യോജന
- അടൽ പെൻഷൻ യോജന
- ദേശീയ സാമൂഹിക സഹായപദ്ധതി

**ദാരിദ്ര്യനിവാരണ പരിപാടികളെ വിമർശനാത്മകമായി വിലയിരുത്തുക**

ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി ഇന്ത്യയിൽ വിവിധ സമീപനങ്ങളും പരിപാടികളും പദ്ധതികളും നടപ്പിലാക്കിയിട്ടും പട്ടിണി, പോഷകാഹാരകുറവ്, നിരക്ഷരത, അടി

സ്ഥാനസൗകര്യങ്ങളുടെ അഭാവം എന്നിവ ഇപ്പോഴും നിലനിൽക്കുന്നു. പ്രധാനപ്പെട്ട പോരായ്മകൾ.

- പദ്ധതികൾക്കാവശ്യമായ പണം, തീർത്തും അപര്യാപ്തമാണ്.
- പരിപാടികൾ നടപ്പിലാക്കാൻ നിയോഗിക്കപ്പെട്ട ഏജൻസികൾ കാര്യശേഷിയില്ലാത്തവരും അഴിമതിക്കാരുമാണ്.
- വിഭവങ്ങളുടെ കാര്യക്ഷമതയില്ലാത്ത ഉപയോഗം
- പദ്ധതി സഹായങ്ങൾ അനർഹരായവരുടെ കൈകളിലെത്തുന്നുണ്ട്.
- അഴിമതി, സ്വജനപക്ഷപാതം, ചുവപ്പ് നാട മുതലായവ

## അധ്യായം 8

# അടിസ്ഥാന സൗകര്യങ്ങൾ

ഒരു രാജ്യത്തിന്റെ വികസനത്തിന് ആവശ്യമായ വൈദ്യുതി, വെള്ളം, വാർത്താവിനിമയം തുടങ്ങിയവയെ അടിസ്ഥാന സൗകര്യങ്ങൾ എന്ന് പറയുന്നു.

അടിസ്ഥാന സൗകര്യങ്ങളെ രണ്ടായി തരംതിരിക്കാം.

### 1. സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ

ഗതാഗതം, വൈദ്യുതി, ഇൻഷൂറൻസ് കമ്പനികൾ, പവർ സ്റ്റേഷൻസ്, ബാങ്കുകൾ, വാർത്താവിനിമയ സൗകര്യങ്ങൾ.

### 2. സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ

വിദ്യാഭ്യാസം: സ്കൂളുകൾ, കോളേജുകൾ.

ആരോഗ്യം: ആശുപത്രികൾ, ശുചിത്വസംവിധാനങ്ങൾ, കുടിവെള്ള പദ്ധതികൾ.

പാർപ്പിടം.

### അടിസ്ഥാനസൗകര്യത്തിന്റെ പ്രാധാന്യം:

(a) കാർഷിക, വ്യാവസായിക വികസനത്തെ സഹായിക്കുന്നു.
(b) ഉൽപാദനക്ഷമതി വർദ്ധിപ്പിക്കുന്നു.
(c) ജീവിതഗുണം വർദ്ധിപ്പിക്കുന്നു.
(d) മെച്ചപ്പെട്ട ആരോഗ്യസംരക്ഷണസംവിധാനം പ്രദാനം ചെയ്യുന്നു.
(e) ദാരിദ്ര്യവും തൊഴിലില്ലായ്മയും കുറക്കുന്നു.

### ഇന്ത്യയിലെ അടിസ്ഥാനസൗകര്യങ്ങളുടെ അവസ്ഥ

അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ സർക്കാരിന്റെ നിക്ഷേപം അപര്യാപ്തമായതിനാൽ പൊതു സ്വകാര്യ പങ്കാളിത്തം പ്രധാന പങ്കു വഹിക്കുന്നു.

- ഗ്രാമീണ അടിസ്ഥാനസൗകര്യങ്ങളുടെ  അപര്യാപ്തത
- ഗ്രാമങ്ങളിലെ 56% വീടുകളിൽ മാത്രമാണ് വൈദ്യൂതീകരിച്ചത്.
- 43%ഗ്രാമീണ വീടുകളിലും മണ്ണെണ്ണയാണ് ഉപയോഗിക്കുന്നത്.
- 90% ഗ്രാമീണ വീടുകളിലും ജൈവ ഇന്ധനമാണ് ഉപയോഗിക്കുന്നത്
- പൈപ്പ് വെള്ളം 24% പേർക്ക് മാത്രമേ ഉള്ളൂ.

### ഊർജ്ജം (Energy)

ഏതൊരു സാമ്പത്തിക പ്രവർത്തനത്തിനും ഊർജ്ജം ആവശ്യമാണ്. ആധുനിക ലോകത്തിലെ പ്രധാന ഊർജ്ജ ഉറവിടങ്ങൾ കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം, വൈദ്യുതി എന്നിവയാണ്.

### ഊർജ്ജത്തിന്റെ ഉറവിടങ്ങൾ

ഊർജ്ജത്തിന്റെ ഉറവിടങ്ങളെ രണ്ടായി തരംതിരിക്കാം:

1. വാണിജ്യ ഊർജ്ജം (Commercial Energy): വാണിജ്യ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം, വൈദ്യുതി എന്നിവയാണ് ഇവയിൽ പ്രധാനം.

2. വാണിജ്യേതര ഊർജ്ജം: വിറക്, ചവറ്, ഉണങ്ങിയ ചാണകം എന്നിവ വാണിജ്യേതര ഊർജ്ജങ്ങളാണ്. വീട്ടാവശ്യത്തിന് വേണ്ടിയാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്.

വാണിജ്യോർജ്ജവും വാണിജ്യേതര ഊർജ്ജവും തമ്മിലുള്ള വ്യത്യാസം ആദ്യത്തേത് തീർന്ന് പോകുന്നതാണ്. എന്നാൽ രണ്ടാമത്തേത് പുതുക്കാവുന്നതാണ്.

### പരമ്പരാഗതവും പാരമ്പര്യേതരവുമായ ഊർജ്ജം

ഊർജ്ജത്തെ പരമ്പരാഗതമെന്നും, പാരമ്പര്യേതരമെന്നും തരംതിരിക്കാം. കൽക്കരി, പെട്രോളിയം, വൈദ്യുതി എന്നിവ പരമ്പരാഗത ഊർജ്ജങ്ങളാണ്. ഇത് പുതുക്കാനാവാത്തതും (non-renewable) മലീനീകരണം ഉണ്ടാക്കുന്നതുമാണ്.

സൂര്യൻ, കാറ്റ്, വേലിയേറ്റം, തിരമാല, ജൈവപിണ്ഢങ്ങൾ (Bio-mass) തുടങ്ങിയവ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളാണ്. ഇവ പുനഃസ്ഥാപിക്കുവാൻ കഴിയുന്നതും (renewable) മലിനീകരണം ഉണ്ടാകാത്തതുമാണ്.

വാണിജ്യോർജ്ജത്തിന്റെ ഉപയോഗരീതി

ഇപ്പോൾ വാണിജ്യോർജ്ജ ഉപഭോഗം 65%മാണ് (കൽക്കരി 55%, ഓയിൽ 31%, പ്രകൃതിവാതകം 11%, ജലവൈദ്യൂതി 3%), വാണിജ്യേതര ഊർജ്ജം 35%.

### വൈദ്യുതി

വൈദ്യുതിയുടെ പ്രധാന ഉറവിടങ്ങൾ ജലവൈദ്യുതി, താപവൈദ്യുതി, അണു വൈദ്യുതി എന്നിവയാണ്. ഇലക്ട്രിസിറ്റി ബോർഡ്, കോർപ്പറേഷൻ എന്നിവയെ യൂട്ടി ലിറ്റീസ് (utilities) എന്ന് പറയുന്നു. സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംവിധാ നത്തെ നോൺ-യൂട്ടിലിറ്റീസ് (non-utilities) എന്ന് പറയുന്നു.

### വൈദ്യുതി മേഖലയിലെ വെല്ലുവിളികൾ

1. അപര്യാപ്തമായ വൈദ്യുതി ഉൽപാദനശേഷി.
2. സംപ്രേഷ നഷ്ടം, വിതരണ നഷ്ടം.
3. വൈദ്യുതി മോഷണം.
4. ഇടക്കിടെയുള്ള പവർകട്ട്.
5. അസംസ്കൃത വസ്തുക്കളായ കൽക്കരി, യുറേനിയം എന്നിവയുടെ ക്ഷാമം.

### വൈദ്യുതി മേഖലയിലെ പരിഹാരമാർഗ്ഗങ്ങൾ

1. പുതുക്കാവുന്ന ഊർജ്ജസ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുക.
2. അസംസ്കൃതവസ്തുക്കളുടെ പുതിയ ഉറവിടങ്ങൾ കണ്ടെത്തുക.
3. CFL, LED മുതലായ ഊർജ്ജലാഭങ്ങൾ ഉണ്ടാക്കുന്ന തന്ത്രങ്ങൾ ഉപയോഗിക്കുക.
4. സംപ്രേഷണ, വിതരണ നഷ്ടം പരമാവധി കുറക്കുക.
5. വൈദ്യുതി മോഷണം തടയുക.
6. പൊതുസ്വകാര്യപങ്കാളിത്തം (PPP) പ്രോത്സാഹിപ്പിക്കുക.

### ആരോഗ്യം

ഒരു മനുഷ്യന്റെ ക്ഷേമത്തെ അളക്കുവാനുള്ള ഒരു അളവുകോലാണ് (yard stick) ആരോഗ്യം. ആരോഗ്യമുള്ള ജനതയാണ് ഒരു രാജ്യത്തിന്റെ പ്രധാനസമ്പത്ത്.

### ആരോഗ്യസൂചകങ്ങൾ

- ശൈശവ മരണനിരക്ക്
- മാതൃമരണനിരക്ക്
- ആയുർദൈർഘ്യം
- പോഷകാഹാരാവസ്ഥ
- രോഗാതുരത
- ആരോഗ്യഅടിസ്ഥാനസൗകര്യങ്ങൾ

### ആരോഗ്യഅടിസ്ഥാന സൗകര്യങ്ങളുടെ അവസ്ഥ (State Health Infrastructure)

ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനും മാർഗ്ഗംനിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാരിന് പ്രധാനപ്പെട്ട പങ്കുണ്ട്. ഉദാഹരണത്തിന് ആരോഗ്യവിദ്യാഭ്യാസം, ഭക്ഷണത്തിൽ മായം ചേർക്കൽ, മരുന്നുകൾ, മെഡിക്കൽ പ്രൊഫഷൻ മുതലായവ. ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, കിടത്തിചികിത്സിക്കാനുള്ള സൗകര്യങ്ങൾ, ചികിത്സോപകരണങ്ങൾ, ഔഷധങ്ങൾ എന്നിവ ആരോഗ്യഅടിസ്ഥാനസൗകര്യങ്ങളിൽപ്പെടുന്നു.

### ഇന്ത്യയിലെ ആരോഗ്യസംവിധാനം

ഇന്ത്യയിലെ ആരോഗ്യസംവിധാനങ്ങളെ മൂന്നായ് തരംതിരിക്കാം.

1. പ്രൈമറി ആരോഗ്യപരിപാലനം.
2. സെക്കണ്ടറി ആരോഗ്യപരിപാലനം
3. ട്ടേർഷ്യറി ആരോഗ്യപരിപാലനം

### പ്രൈമറി ആരോഗ്യപരിപാലനം

- രോഗങ്ങൾ തിരിച്ചറിയുവാനും തടയാനും നിയന്ത്രിക്കുവാനുമുള്ള പഠനം.
- പോഷകാഹാരം, ശുദ്ധജലം, ശുചീകരണം എന്നിവ സംബന്ധിച്ച ഉൽബോധനം.
- കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യപരിപാലനം.
- പകർച്ചവ്യാധികൾക്കെതിരെയുള്ള കുത്തിവെയ്പുകൾ.
- ഔഷധങ്ങളുടെ ലഭ്യത ഉറപ്പാക്കൽ.

### സെക്കണ്ടറി ആരോഗ്യപരിപാലനം

X-ray, Scanning, ECG, സർജറി തുടങ്ങിയവക്കുള്ള സൗകര്യങ്ങളും രോഗം തിരിച്ചറിയാനും ചികിത്സിക്കുവാനുമുള്ള ഹോസ്പിറ്റലുകൾ.

### ട്ടേർഷ്യറി ആരോഗ്യപരിപാലനം

മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും നടക്കുന്ന കേന്ദ്രങ്ങളാണിവ. eg: AIIMS, NIMHANS തുടങ്ങിയവ ഉദാഹരണങ്ങളാണ്.

### ആരോഗ്യ അടിസ്ഥാനസൗകര്യങ്ങളും സ്വകാര്യമേഖലയും

ആരോഗ്യമേഖലയിൽ ഗവൺമെന്റിന്റെ പങ്കാളിത്തം പര്യാപ്തമല്ല. 70%ത്തോളം ഹോസ്പിറ്റലുകളെ നിയന്ത്രിക്കുന്നത് സ്വകാര്യമേഖലയാണ്. ഇന്ത്യയിൽ ഔഷധ നിർമ്മാണവ്യവസായം കൂടുതലും സ്വകാര്യമേഖലയിലാണ്. അടുത്തകാലത്ത് സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകൾ മുളച്ച് പൊന്തിയിട്ടുണ്ട്.

### ഭാരതീയ ചികിത്സാ സംവിധാനങ്ങൾ (Indina System of Medicine – ISM)

ഭാരതീയ ചികിത്സാ സംവിധാനം 'AYUSH' എന്നുവിളിക്കുന്ന 6 രീതികൾ ഉൾപ്പെട്ട താണ്. 1. ആയുർവേദം, 2. യുനാനി, 3. യോഗ, 4. സിദ്ധ, 5. ഹോമിയോപ്പതി, 6. പ്രകൃതി ചിക്തിസ.

### മെഡിക്കൽ ടൂറിസം (Medical Tourism)

ചികിത്സക്കായി ആളുകൾ ഇന്ത്യയിൽ എത്തുന്നതിനെയാണ് മെഡിക്കൽ ടൂറിസ മെന്ന് പറയുന്നത്. ധാരാളം വിദേശികൾ ചികിത്സക്കായി ഇന്ത്യയിലേക്ക് വരുന്നതിനുള്ള കാരണങ്ങൾ:

1. പുരോഗമിച്ച മെഡിക്കൽ അടിസ്ഥാന സൗകര്യങ്ങൾ ഇന്ത്യയിൽ ലഭ്യമാണ്.
2. അതിസമർത്ഥരായ ഡോക്ടർമാർ ഇന്ത്യയിൽ ധാരാളം ഉണ്ട്.
3. ഇന്ത്യയിലെ ഔഷധനിർമ്മാണ വ്യവസായം പുരോഗമിച്ചതാണ്.
4. ചികിത്സാചെലവ് വളരെ താഴ്ന്നതാണ്.

### ഇന്ത്യയിലെ ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ

1. നഗര-ഗ്രാമ അസമത്വം.
2. ധനിക-ദരിദ്ര വ്യത്യാസം.
3. കൂടിയ രോഗാതുരത.
4. സ്വകാര്യവൽക്കരണത്തിന്റെ പ്രശ്നങ്ങൾ.
5. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ.
6. സർക്കാർ മേഖലയിലെ കുറഞ്ഞ നിക്ഷേപം.
7. ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ അപര്യാപ്തത.

## സ്ത്രീകളുടെ ആരോഗ്യം

വിദ്യാഭ്യാസം, ആരോഗ്യരക്ഷ, തൊഴിൽ എന്നീ രംഗങ്ങളിൽ എല്ലാം സ്ത്രീകൾക്കെതിരായ വിവേചനം പ്രകടമാണ്. ചില ഉദാഹരണങ്ങൾ:

1. സാക്ഷരതയിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്.
2. സംഘടിതമേഖലയിൽ സ്ത്രീകൾ കുറവാണ്.
3. രോഗാതുരത സ്ത്രീകളിലാണ് കൂടുതൽ.
4. പോഷകാഹാരരാഹിത്യം കൂടുതൽ സ്ത്രീകളിലാണ്.
5. സ്ത്രീകളിൽ കൂടുതലും വിളർച്ച അനുഭവിക്കുന്നവരാണ്.
6. പെൺഭ്രൂണഹത്യ ഇപ്പോഴും നടക്കുന്നു.

## അദ്ധ്യായം 9

# പരിസ്ഥിതിയും സുസ്ഥിരവികസനവും

### പരിസ്ഥിതി – നിർവ്വചനം

- ഭൂമിയിലെ എല്ലാ വിഭവങ്ങളുടെയും സഞ്ചയമാണ് പരിസ്ഥിതി.
- ഇതിൽ ജൈവവും അജൈവവുമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുന്നു.
- **ജൈവഘടകങ്ങൾ: –** മൃഗങ്ങൾ, പക്ഷികൾ, സസ്യങ്ങൾ തുടങ്ങിയ എല്ലാ ജീവ ജാലങ്ങളും
- **അജൈവഘടകങ്ങൾ**: – ഭൂമി, വായു, വെള്ളം തുടങ്ങിയ ജീവനില്ലാത്ത വസ്തു ക്കളും

### പരിസ്ഥിതിയുടെ ധർമ്മങ്ങൾ

- വിഭവങ്ങൾ പ്രദാനം ചെയ്യുന്നു.

  (എ) പുതുക്കാവുന്നവ: – ജലം, വായു, മുതലായവ

  (ബി) പുതുക്കാനാവാത്തവ: – കൽക്കരി, പെട്രോൾ മുതലായവ

- പാഴ്വസ്തുക്കളെ ദഹിപ്പിക്കുന്നു.
- ജീവൻ നിലനിർത്തുന്നു
- ഭൂമിയിൽ സൗന്ദര്യാനുഭൂതിയൊരുക്കുന്നു.

### താങ്ങാനുള്ള ശേഷിയും ഉൾക്കൊള്ളാനുള്ള ശേഷിയും

താങ്ങാനുള്ള ശേഷി എന്ന് പറയുന്നത് പരിസ്ഥിതിയും പുനരുജ്ജീവിപ്പിക്കാ നുള്ള ശേഷിയാണ്. ഉൾക്കൊള്ളാനുള്ള ശേഷി എന്നു പറയുന്നത് ജീർണ്ണിക്കുന്നതിന് ഉൾകൊള്ളുവാനുള്ള പരിസ്ഥിതിയുടെ ശേഷിയാണ്.

**പാരിസ്ഥിതിക ഭീഷണികൾ**

(എ) വായു മലിനീകരണം

വ്യവസായവൽക്കരണം, മോട്ടോർ വാഹനഉപയോഗം വനനശീകരണം മുതലായവ

(ബി) ജല മലിനീകരണം

- ഖര മാലിന്യങ്ങൾ കുന്നുകൂടൽ
- വ്യവസായ മാലിന്യങ്ങളുടെ ഒഴുക്ക്
- രാസവസ്തുക്കളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം

(സി) ആഗോളതാപനം

- ഹരിതഗൃഹവാതകങ്ങളുടെ നിരന്തര വിസർജ്ജനംമൂലം ഭൗമാന്തരീക്ഷത്തിലെ ശരാശരി താപനില വാർദ്ധിക്കുന്നതിനെയാണ് ആഗോളതാപനം എന്ന് പറയുന്നത്.
- കാരണങ്ങൾ

1. വനനശീകരണം
2. കുഴിച്ചെടുക്കുന്ന ഇന്ധനങ്ങൾ കത്തിക്കുന്നത്
3. കാർബൺ ഡൈ ഓക്സൈസ്, കാർബൺ മോണോക്സൈഡ് എന്നിവയുടെ പുറം തള്ളൽ
4. വ്യാവസായികവൽകരണം

**ഫലങ്ങൾ**

- കാലാവസ്ഥ വ്യതിയാനം
- ജൈവ വൈവിധ്യം നഷ്ടപ്പെടുന്നു
- ധ്രുവത്തിലെ മഞ്ഞ് ഉരുകുന്നു
- സമുദ്രത്തിലെ ജലനിരപ്പ് ഉയരുകയും വെള്ളപ്പൊക്കത്തിന് കാരണമാവുകയും ചെയ്യുന്നു.

**(ഡി) ഓസോൺ ശോഷണം**

- ക്ലോറോ ഫ്ളൂറോ കാർബണുകൾ (CFC) പോലുള്ള കാർബൺ സംയുക്തകങ്ങളുടെ അമിതമായ ഉപയോഗം മൂലം അന്തരീക്ഷത്തിലെ ഓസോൺ പാളിയ്ക്ക് സംഭവിക്കുന്ന നാശമാണ് ഓസോൺ ശോഷണം.

- കാരണങ്ങൾ
  - വ്യവസായികവൽകരണം
  - CFC, HCF എന്നിവയുടെ അമിത ഉപയോഗം.

    ഉദാ: ഫ്രിഡ്ജിന്റെ അമിത ഉപയോഗം – ACയുടെ അമിത ഉപയോഗം

**ഫലങ്ങൾ**

- ജൈവവൈവിധ്യത്തിന്റെ അപചയം
- അൾട്രാ വയലറ്റ് രശ്മികൾ ഭൂമയിലേക്ക് എത്തുന്നു.

(ഇ) മണ്ണിന്റെ അപചയം

- കാരണങ്ങൾ
  - വനനശീകരണം
  - വനഭൂമിയുടെ കൈയ്യേറ്റം
  - പ്രകൃതിക്ഷോഭം
  - രാസവസ്തുക്കളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം
  - മണ്ണൊലിപ്പ്
  - കാട്ടുതീ

**ഇന്ത്യയിലെ പരിസ്ഥിതിയുടെ അവസ്ഥ**

- ധാരാളം പ്രകൃതിവിഭവങ്ങൾ
- നൂറോളം നദികളും ധാരാളം പോഷകനദികളും
- ഇടതൂർന്ന വനങ്ങൾ
- ഉയർന്ന ധാതുസമ്പത്ത്
- ദീർഘമായ കടൽതീരങ്ങൾ
- അനേകം മലനിരകൾ
- ഡക്കാൻ പീഠഭൂമിയിലെ കരിമണൽ

### ചിപ്പ്കോപ്രസ്ഥാനം

ഹിമാലയമലനിരകളിലെ വനങ്ങളെ സംരക്ഷിക്കുന്നതിനു ലക്ഷ്യമിട്ട ഒരു പ്രസ്ഥാനമാണിത്. സുന്ദർലാൽ ബഹുഗുണയാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്.

### അപ്പികോ പ്രസ്ഥാനം

ചിപ്പ്കോ പ്രസ്ഥാനത്തിന് സമാനമായ മറ്റൊരു പ്രസ്ഥാനം കർണാടകത്തിൽ രൂപം കൊണ്ട് അതാണ് അപ്പികോപ്രസ്ഥാനം.

### ക്യോട്ടോ പ്രോട്ടോകോൾ

ആഗോളതാപനമെന്ന പ്രശ്നപരിഹാരത്തിനായി 1997-ൽ ജപ്പാനിലെ ക്യോട്ടോവിൽ ചേർന്ന കാലാവസ്ഥാ വ്യതിയാനസമ്മേളനത്തിൽ ഒപ്പുവെച്ച കരാറാണ് ക്യോട്ടോ പ്രോട്ടോക്കോൾ.

### സുസ്ഥിര വികസനം

ഇതൊരു പ്രകൃതിസൗഹൃദവികസനമാണ്.

UNCED യുടെ അഭിപ്രായത്തിൽ

''ഭാവിതലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ശേഷിയ്ക്ക് വിഘാതമാകാത്തവിധത്തിൽ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വികസനം''

### സുസ്ഥിരവികസനത്തിനുള്ള തന്ത്രങ്ങൾ

- ഊർജ്ജത്തിന്റെ പാരമ്പര്യേതര ഉറവിടങ്ങൾ ഉപയോഗപ്പെടുത്തൽ

പാരമ്പര്യഊർജ്ജസ്രോതസ്സുകൾ പുനർസ്ഥാപിക്കുവാൻ കഴിയാത്തതും പരിസ്ഥിതി സൗഹാർദ്ദവും അല്ല. ആയതിനാൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സൂര്യപ്രകാശം മുതലായവ ഉപയോഗിക്കുക.

- ഗ്രാമപ്രദേശങ്ങളിൽ LPG യുടെ ഗോബർഗ്യാസും എന്നിവ ഉപയോഗിക്കുക

വനനശീകരണം, വായുമലിനീകരണം എന്നിവ ഒഴിവാക്കാൻ ഗ്രാമങ്ങളിൽ LPG യും ഗോബർഗ്യാസും ഉപയോഗിക്കുന്നത് ശീലമാക്കുക.

- നഗരപ്രദേശങ്ങളിൽ C.N.G. ഉപയോഗിക്കുക - CNG യുടെ ഉപയോഗം വായു മലിനീകരണം കുറക്കും

- സൗരോർജ്ജത്തിന്റെ ഉപയോഗം കൊണ്ടുവരുക. - ഇത് പ്രകാരം ഊർജ്ജം ഫോട്ടോ ഓൽട്ടായിക് സെല്ലുകൾ വഴി സംഭരിക്കുന്നു.
- കാറ്റിൽ നിന്നുള്ള ഊർജ്ജം
- ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് മുൻഗണന
- പരമ്പരാഗത അറിവുകളും പ്രയോഗങ്ങളും
- ജൈവ കമ്പോസ്റ്റും ജൈവകീടനിയന്ത്രണവും
- ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കൽ

**ജൈവകൃഷി**

രാസവസ്തുക്കളോ കീടനാശിനികളോ ഉപയോഗിക്കാതെ തീർത്തും പ്രകൃതിദത്തമായ രീതികൾ ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിക്കുന്ന കൃഷിരീതിയാണിത്.

**ഗുണങ്ങൾ**

- പരിസ്ഥിതി സൗഹാർദ്ദം
- പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നു
- ഉയർന്ന പോഷകമൂല്യം
- ഉയർന്ന കയറ്റുമതി മൂല്യം
- തൊഴിൽ അധിഷ്ഠിതമാണിത്

**ദോഷങ്ങൾ**

- വിളവ് കുറവായിരിക്കും
- പെട്ടെന്ന് നശിക്കുന്നു
- കീടബാധ കുടുതലായിരിക്കും